# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1243/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1243/2023 തീയ്യതി: 22/12/2023

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2022 മുതൽ 19-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 25-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2023 | 25-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി. അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ,, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ . സുരേഷ് കെ. സി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. പി. ടി. ഷൈലജ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി. യേശുദാസി എസ്. മേരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 10-10-2022 |
| ശ്രീമതി. സബൂറ ബീവി എസ്. | സെക്രട്ടറി | 11-10-2022 | 31-03-2023 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .രാജിമോൾ രാജു | അസി. എഞ്ചിനിയർ | 01-04-2022 | 07-10-2022 |
| ശ്രീമതി. ഷീജ കെ. ജി. | അസി. എഞ്ചിനിയർ | 08-10-2022 | 22-02-2023 |
| ശ്രീ. ലിജിൻ രാജീവ് | അസി. എഞ്ചിനിയർ | 23-02-2023 | 31-03-2023 |
| ഡോ. ഇവിൻ എബ്രാഹം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-05-2022 |
| ഡോ. സ്നേഹ ജോർജ്ജ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ഗ്രേസി പി. | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2022 | 19-01-2023 |
| ഡോ. സിൻസൻ ജോസഫ് | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 20-01-2023 | 31-03-2023 |
| ഡോ. റോസ് മേരി മാത്യു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ടിന്റുമോൾ ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 26-07-2022 |
| ശ്രീ. അനുരൂപ് | കൃഷി ഓഫീസർ | 27-07-2022 | 05-08-2022 |
| ശ്രീമതി. രശ്മി വിജയൻ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീമതി. മിനിമോൾ കെ.എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രമീള ടി. റോസ് | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. നൗഷാദ് ബി. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. കാതറിൻ ജമ്മ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രാധാമണി കെ. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജയസൂര്യൻ എം. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ഡോ. ആദർശ് | മെഡിക്കൽ ഓഫിസർ, ആയുർവേദം | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-4 |
| 6 | വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) ഇനങ്ങളിൽ ചെലവ് കുറവ് - 476971/- ലാപ്സായി | 1-3-1 |
| 9 | ഫണ്ട് വിനിയോഗം | 1-3 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 12 | ക്ഷേമ പെൻഷനുകൾ | 1-6 |
| 13 | ക്യാഷ് പരിശോധന | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 15 | തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 16 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു. | 1-10 |
| 17 | തനത് വിഭവ സമാഹരണം - അവലോകനം | 1-11 |
| 18 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-12 |
| 19 | പെർമിറ്റ് പ്ലാനിൽ നിലവിലുള്ളതായി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചില്ല | 1-13 |
| 20 | വഴിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ | 1-14 |
| 21 | അനധികൃത നിർമാണങ്ങൾ -നികുതി ഒഴിവാക്കി നൽകി | 1-15 |
| 22 | കാലി വീപ്പ വില ക്രമീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-16 |

| | | |
|---|---|---|
| 23 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-17 |
| 24 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടില്ല | 1-18 |
| 25 | എസ്.ടി വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിച്ചിട്ടില്ല | 1-19 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ടിഡിഎസ് ഈടാക്കിയില്ല | 1-20 |
| 27 | വയോജനങ്ങൾക്ക് കമ്പിളി വിതരണം ജനറൽ- അനർഹർക്ക് ആനുകൂല്യം നൽകി | 1-21 |
| 28 | മുരിക്കാട്ടുകുടി മാടത്താനി പാലം സംരക്ഷണഭിത്തി- പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ മണ്ണ് ഉപയോഗപ്പെടുത്താതെ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തി | 1-22 |
| 29 | അമ്പലമേട് അംഗൻവാടി നിർമ്മാണം-അപാകതകൾ | 1-23 |
| 30 | പടുക ചെറ്റയിൽ പടി കുടിവെള്ള പദ്ധതി-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 1-24 |
| 31 | CMLRP കല്യാണ തണ്ട് കുഴിയോടിപ്പടി പാലം സോയിൽ ടെസ്റ്റ് & സ്ട്രക്ചറൽ ഡിസൈൻ-നിർവ്വഹണ ഏജൻസിക്ക് അധികം തുക നൽകി | 1-25 |
| 32 | കോഴിമല പള്ളിസിറ്റി അംഗൻവാടി-വൈദ്യുതി,കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല | 1-26 |
| 33 | പള്ളിസിറ്റി അങ്കണവാടി കെട്ടിടത്തിന് കോമ്പൗണ്ട് ഹാൻഡ് റീൽ -കരാറുകാരന് ജി.എസ്.ടി വിഹിതമായി അധികം തുക അനുവദിച്ചു | 1-27 |
| 34 | 2HP സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ- ഒരേ സമയം നടപ്പിലാക്കിയ രണ്ട് പദ്ധതികളിൽ വ്യത്യസ്ത നിരക്ക് അനുവദിച്ചിരിക്കുന്നു. | 1-28 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തി-പൂർത്തീകരണ വിവരം ലഭ്യമല്ല | 1-29 |
| 36 | ആസ്തികളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കൽ-ടി.ഡി.എസ് കിഴിവ് ചെയ്തിട്ടില്ല | 1-30 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11-07-2023 ലെ 1/1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 13-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ** 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

22.12.2023 ഇടുക്കി

**1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6028295/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10136508/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 രസീത് തെറ്റായ ശീർഷകത്തിൽ നൽകി**

2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഇനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ച ₹255816/- ഓഡിറ്റ് റിക്കവറി ശീർഷകത്തിലാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല**

ഇൻകം & എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-18 (₹46660), ഐ-19(₹8094)) എന്നീ ജേർണ്ണൽ വൌച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൌച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണന്നൊ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

**1-1-5 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല**

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1/21.03.2022 | 1(1)/23.03.2022 |
| പുതുക്കിയ ബജറ്റ് | 2/09.03.2023 | 9(1)/17.03.2023 |

**ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ**

| ഇനം | പ്രാഥമിക ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 17105455 | 30179187 |
| വരവ് | 232592124 | 231130324 |
| ആകെ | 249697579 | 261309511 |
| ചെലവ് | 244371250 | 250719511 |
| നീക്കിയിരിപ്പ് | 5326329 | 10590000 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പൂർണമായി പാലിച്ചിട്ടില്ല. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

**1-3-1 മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) ഇനങ്ങളിൽ ചെലവ് കുറവ് - ₹ 476971/- ലാപ്സായി**

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ. (എം എസ്) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% - Actual Expenditure) ഷോർട് ഫോൾ ആകുന്നതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്, റോഡിതരം) ഇനങ്ങളിൽ ചെലവ് നിശ്ചിത 80% പരിധി കടന്നില്ല. തൻമൂലം ഷോർട്ട് ഫോളായി **₹476971/-** നഷ്ടമായി.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2024-25-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 14141000 | 11036135 | 78.04 | 2828200 | 276665 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 7134000 | 5506894 | 77.19 | 1426800 | 200306 |
| **ആകെ** | | | | | **476971** |

അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-3 ഫണ്ട് വിനിയോഗം**

| | ഇനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 24822000 | 24822000 | 21405143 | - |
| | എസ്.സി.പി. | 0 | 3304000 | 3304000 | 2987974 | - |
| | റ്റി.എസ് .പി. | 0 | 2185000 | 2185000 | 2158931 | - |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 14141000 | 14141000 | 11036135 | - |
| | റോഡിതരം | 0 | 7134000 | 7134000 | 5506894 | - |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 2731500 | 5659000 | 8390500 | 3451479 | 4939021 |
| | അൺടൈഡ് | 438307 | 3983955 (പലിശ₹211955 ഉൾപ്പെടെ) | 4422262 | 3799497 | 622765 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ്. | 6,79,639 | 1648238 | 2327877 | 821445 | 1506432 |
| | സമ്പൂർണ ശുചിത്വം | 5,54,615 | 180000 | 734615 | 491165 | 243450 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | പകർച്ച വ്യാധി നിയന്ത്രണം | 3,26,784 | 0 | 3,26,784 | 0 | 326784 |
| | ലൈഫ് സംസ്ഥാന വിഹിതം | 12,07,140 | 623293 | 1830433 | 1550000 | 280433 |
| | പട്ടികവർഗ വികസനം | 10,66,941 | 0 | 10,66,941 | 0 | 10,66,941 |
| | സാമൂഹ്യനീതി വകുപ്പ് | 12,000 | 0 | 12,000 | 0 | 12,000 |
| | ആർദ്രം (PHC അവാർഡ്) | 2,00,000 | 0 | 2,00,000 | 2,00,000 | 0 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക്പഞ്ചായത്ത് | 89,687 | 0 | 89,687 | 0 | 89,687 |
| | ബ്ലോക്ക്പഞ്ചായത്ത് (സ്പെസിഫിക്ക്) | 4,75,000 | 0 | 4,75,000 | 0 | 4,75,000 |
| ഹെൽത്ത് ഗ്രാന്റ് | (320100202) | 0 | 296145 (പലിശ₹3126 ഉൾപ്പെടെ) | 296145 | 293019 | 3126 |
| | (320100204) | 0 | 166632 (പലിശ₹1632 ഉൾപ്പെടെ) | 166632 | 165000 | 1632 |

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട് – ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3062466 |
| വികസന ഫണ്ട് – ജനറൽ | അങ്കണവാടി അധിക വേതനം | 1314000 |

| | | |
|---|---|---|
| വികസന ഫണ്ട് – എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 305849 |
| വികസന ഫണ്ട് – റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1300582 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ. വികസന ഫണ്ട് - ജനറൽ, റ്റി.എസ്.പി.)

3) 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്, റോഡിതരം) ചെലവ് നിശ്ചിത 80% പരിധി കടന്നില്ല. തൻമൂലം ഷോർട്ട് ഫോളായി ₹476971/- ആണ് 2024-25-ൽ നഷ്ടമാകുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഖ.1-3-1 ആയി ചേർത്തിട്ടുണ്ട്.

4) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഇനത്തിലെ നീക്കിയിരിപ്പ് ₹2731500/- യും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിലെ നീക്കിയിരിപ്പ് ₹438307/- യുമാണ്. അവയുടെ തൻവർഷ വരവു ചെലവുകളാണ് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകൾ, സുലേഖാ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് എന്നിവ ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CFC (TIED GRANT) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 8289185 | 8289185 | 4939769 | 3349416 |
| ILGMS പ്രകാരം | 2731500 | 5659000 | 8390500 | 3451479 | 4939021 |
| **CFC (UNTIED GRANT)** | | | | | |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 4189497 | 4189497 | 3799497 | 390000 |
| ILGMS പ്രകാരം | 438307 | 3983955 (പലിശ ₹211955 ഉൾപ്പെടെ) | 4422262 | 3799497 | 622765 |

**1.4 പദ്ധതി അവലോകനം** ...പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ്

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. ... പലിശ

ഇനത്തിലെ ₹ 211955/- യും ഉൾപ്പെടുന്നുണ്ട്.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 217 | 131909013 | 163 | 67706734 | 64 | 75.12 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 7726398 | 4985994 | 64.53 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 12 | 12 | 3497435 | 3397224 | 97.13 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം | 6 | 6 | 1550000 | 1549597 | 99.97 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 326717 | 211983 | 64.88 |
| വെറ്ററിനറി സർജൻ | 5 | 5 | 1590800 | 1363190 | 85.69 |
| വി.ഇ.ഒ | 25 | 24 | 59262670 | 18518696 | 96.00 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 13 | 6526900 | 5961564 | 91.33 |
| സെക്രട്ടറി | 38 | 27 | 18211376 | 12744738 | 69.98 |
| അസി. സെക്രട്ടറി | 6 | 5 | 2622389 | 2028156 | 77.34 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1050000 | 850000 | 80.95 |
| അസി. എഞ്ചിനിയർ | 92 | 53 | 27242828 | 15111632 | 55.47 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 520000 | 100171 | 19.26 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1781500 | 883789 | 49.60 |
| ആകെ | 217 | 163 | 131909013 | 67706734 | 51.33 |

**1-5 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ നിർവ്വഹണം | 793 | 1874612 | 1875405 | 1868590 | 6815 |
| തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്) | 0 | 64561516 | 64561516 | 64561516 | 0 |

**1-6 ക്ഷേമ പെൻഷനുകൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1393600 | 118 |
| വിധവാ പെൻഷൻ | 9513000 | 813 |
| വാർദ്ധക്യകാല പെൻഷൻ | 27748400 | 2473 |
| വികലാംഗ പെൻഷൻ | 3299400 | 292 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224000 | 22 |

**1-7 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2406/- (രണ്ടായിരത്തി നാനൂറ്റി ആറ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ് എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിക്കുന്നുണ്ട്. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് ആർജ്ജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ സംബന്ധിക്കുന്ന വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. അഡ്വാൻസ് നൽകുന്ന തുകകളുടെ ക്രമീകരണം യഥാസമയം നടത്തുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനായി 2017-18 വർഷം ലഭിച്ച ₹89687/- നാളിതുവരെയും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.ടി. വകുപ്പിൽ നിന്നും 2017-18 വർഷം ലഭിച്ചിട്ടുള്ള ₹1000000/-യും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അമ്പലമേട് അംഗൻവാടി നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോഴിമല പള്ളിസിറ്റി അംഗൻവാടി കെട്ടിടത്തിന് കുടിവെള്ളവും വൈദ്യുതിയും സജ്ജീകരിക്കാൻ അവശേഷിക്കുന്നു.

### <u>1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു</u>

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ., കട്ടപ്പന ശാഖയിൽ ഒരു അക്കൗണ്ട് പരിപാലിക്കുന്നുണ്ട് (നം.36933371901). നികുതി വരവുകൾക്കൊപ്പം പഞ്ചായത്തിന് അനുവദിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി വായ്പാ തുക, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും പ്രസ്തുത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തിനായി സർക്കാർ ലഭ്യമാക്കുന്ന തുകകൾ തനതു ഫണ്ടിന്റെ ലോഡ്ജിംഗിനായി ആരംഭിച്ചിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ഈ വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാർമശിച്ചിട്ടും പരിഹാര നടപടികൾ

സ്വീകരിക്കാത്തത് ഗൗരവത്തോടെ കാണേണ്ട വസ്തുതയാണ്. കറന്റ് അക്കൗണ്ടായതിനാൽ പ്രസ്തുത അക്കൌണ്ടിൽ നിന്നും പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 20.11.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം ഈ അക്കൗണ്ടിൽ ₹30,54,420/- അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം ലൈഫ് ഭവന പദ്ധതി ധനസഹായ തുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനിയോഗം യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്.

**<u>1-10 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു.</u>**

ഗ്രാമപ്പഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മാട്ടുക്കട്ട ശാഖയിലെ (അക്കൗണ്ട് നം.423202010007148) ഇടപാടുകൾക്ക് (Charges For PORD എന്ന Description-ൽ) ബാങ്ക് ചാർജ് ഈടാക്കുന്നുണ്ട്. ചെക്കുകൾ ക്ലിയർ ചെയ്യുന്നതിന് പണം നൽകേണ്ടി വരുന്നതുമൂലം ഓരോ മാസവും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു. ഈയിനത്തിൽ തുക നഷ്ടപ്പെടുന്നത് അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനായി ബാങ്ക് അധികൃതരുമായി കൂടിയാലോചന നടത്തുന്നതിനും, അനുകൂലമായ നിലപാട് ഇല്ലാത്തപക്ഷം സൗകര്യപ്രദമായ മറ്റൊരു ബാങ്കിലേയ്ക്ക് തനതുഫണ്ട് നിക്ഷേപം മാറ്റുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**<u>1-11 തനത് വിഭവ സമാഹരണം - അവലോകനം</u>**

**2022-23 സാമ്പത്തികവർഷം കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് 100% പിരിവ് ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.**

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള വരുമാന സ്രോതസുകൾ.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>വസ്തുനികുതി പരിഷ്കരണം</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ (എംഎസ്) 77/2023നമ്പർ ഉത്തരവ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ ജി.ഒ.(പി) 25/2023 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാപഞ്ചായത്തുകളിലെ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തദനുസരണം കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് 2.06.2023-ലെ 1(1) മുതൽ 1(3) വരെയുള്ള തീരുമാനങ്ങൾ പ്രകാരം നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 31.7.2023 ലെ 2(1) മുതൽ 2(3) വരെ തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്നുമുള്ള നിർദേശ പ്രകാരം 8 പേരെ ഇതിനായി നിയമിച്ച് പരിശോധന ആരംഭിച്ചിട്ടുണ്ട്. 1.4.2023 പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 5% വർദ്ധനവ് വരുത്തി സോഫ്റ്റ്വെയറിൽ പുതുക്കിയിട്ടുണ്ട്.

നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ കൂടി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2. **തൊഴിൽ നികുതി**യിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവായി നിൽക്കുന്നുണ്ടെന്ന കാണുന്നു. കൃത്യമായ ഡേറ്റാ ബേസ് ശേഖരിച്ച് പരമാവധി പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3) ലൈസൻസ് ഫീസുകൾ**

വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. ഹരിതകർമ്മ സേന മുന്നൂറിലധികം സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും 220 സ്ഥാപനങ്ങളെ മാത്രമാണ് 2022-23 വർഷത്തിൽ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്. പാരാമെഡിക്കൽ സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ

കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നീ ഇനങ്ങളിൽ വരവ് നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

**3) വാടക, കുത്തകാവകാശം**

വാടകയിനത്തിൽ വരവ് കുറവാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2 കടമുറികളും 4 കംഫർട്ട് സ്റ്റേഷനുകളും മാത്രമാണ് വാടകയ്ക്ക് നൽകുവാനുള്ളത്. മാർക്കറ്റ് വരവിനത്തിൽ ₹8,34,055/- ആർജ്ജിക്കാൻ സാധിച്ചിട്ടുണ്ട്.

**1-12 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്**

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ചതിൽ, തറ വിസ്തീർണ്ണം 100 $M^2$ അധികരിക്കുന്ന വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി ₹40/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള അത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-യാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(2), (3), (4), 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ മാത്രമേ വ്യത്യസ്ത കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 ലെ പെർമിറ്റ് പരിശോധനയിൽ പെർമിറ്റെടുക്കാതെ നിർമാണം പൂർത്തിയാക്കിയ കെട്ടിടത്തിന് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് BA(226862)/2022 നമ്പർ പ്രകാരം റെഗുലറൈസേഷന് ഫീസ് ഈടാക്കി നികുതി നിർണയിച്ചിരുന്നു. അപേക്ഷയും പ്ലാനും പ്രകാരം 131 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ വസ്തുനികുതി നിർണയത്തിനായി കെട്ടിടത്തെ നാലു മുറികളായി വിഭജിച്ച് (5/290 E,5/290F,5/290G,5/290H) കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു. കുറഞ്ഞ നിരക്കിൽ നികുതി

നിർണയിച്ചത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/22.11.23) നികുതി പുനർനിർണയിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. നികുതി പുനർനിർണയിച്ച് അറിയിക്കേണ്ടതാണ്.

**1-13 പെർമിറ്റ് പ്ലാനിൽ നിലവിലുള്ളതായി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചില്ല**

2022-23 പെർമിറ്റ് പരിശോധിച്ചതിൽ ശ്രീ. ജിജി തോമസ് അഞ്ചാനിയ്ക്കൽ എന്ന വ്യക്തിയ്ക്ക് DEO-5-BA(36154)/2023 30.1.2023 നമ്പർ പ്രകാരം 522.83$M^2$ ഏരിയയുള്ള കൊമേഴ്ശ്യൽ കെട്ടിടം നിർമിക്കുന്നതിന് 5 വർഷത്തെ വാലിഡിറ്റിയിൽ അനുമതി നൽകിയിട്ടുള്ളതായി കാണുന്നു. അപേക്ഷകൻ സമർപ്പിച്ച പ്ലാനിൽ 2 കെട്ടിടങ്ങൾ പ്ലോട്ടിൽ നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. ആയതിൽ 9/43 B കെട്ടിടത്തിന് 385.92 ച.മീ. വിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ഈ കെട്ടിടത്തിന്റെ വിസ്തീർണ്ണം 7.54 ച.മീ. മാത്രമാണ്. പ്ലോട്ടിൽ നിലവിലുള്ള മറ്റൊരു കെട്ടിടത്തിന് 363.6ച.മീ. വിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ കെട്ടിട നമ്പർ പ്ലാനിൽ ലഭ്യമാക്കിയിട്ടില്ല. പെർമിറ്റിൽ ഈ കെട്ടിടങ്ങൾ Existing Building Small Industrial എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലാനിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്ലാനിൽ സൂചിപ്പിച്ചിട്ടുള്ള 385.92 ച.മീ. വിസ്തീർണ്ണമുള്ള 9/43 B കെട്ടിടത്തിന് കുറഞ്ഞ വിസ്തീർണ്ണം സഞ്ചയയിൽ രേഖപ്പെടുത്തിയത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/22.11.23) കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭിച്ചു. വിശദമായ ഫീൽഡ് തല പരിശോധന നടത്തി നിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 വഴിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചതിലെ അപാകതകൾ**

പഞ്ചായത്തിലെ 2022-23 വർഷം വസ്തുനികുതി നിർണ്ണയിച്ച 9/440 A എന്ന 178.78 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടം, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വെങ്ങല്ലൂർക്കട-പാലാക്കട റോഡ് എന്നാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/22.11.23) നികുതി പുനർനിർണയിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. നികുതി പുനർനിർണയിച്ച് അറിയിക്കേണ്ടതാണ്.

**1-15 അനധികൃത നിർമാണങ്ങൾ -നികുതി ഒഴിവാക്കി നൽകി**

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ അനധികൃത നിർമാണം എന്ന ഗണത്തിൽ വർഷങ്ങളായി തുടരുന്ന ധാരാളം കെട്ടിടങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടു. നികുതി / ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ 734 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിൽ ഏറെയും അനധികൃത നിർമാണത്തിലുൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളാണെന്ന് കാണുന്നു. അനധികൃത കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളെ നികുതി / ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഇളവ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/22.11.2023) നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. നിലവിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഫീൽഡ് തല പരിശോധനകൾ നടന്നു വരുന്ന സാഹചര്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും പരിശോധിച്ച് നികുതി ഈടാക്കേണ്ട കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃതമായ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-16 കാലി വീപ്പ വില ക്രമീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു**

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്യുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ(പി)177/06/ധനം 12.04.06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് 30.10.2007 ലെ 59827/എഫ്.എം/07/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷം വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം | ബിൽ നം/തീയതി | തുക(₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക(₹) |
|---|---|---|---|
| പെരിയോൻ കവല വടക്കേ തകടിയേൽ പടി റോഡ് (142/23) | 22100852013401518954/ 28.03.23 | 490000 | 2247 |
| പാലക്കൽ പടി റോഡ് (73/23) | 2210085201340150889/ 28.03.23 | 316992 | 2248 |
| പള്ളിക്കവല പേഴുംകണ്ടം മുനമ്പ് റോഡ് ( 123/23) | 221008520134014358/ 25.03.23 | 815329 | 8425 |
| പാലക്കട കളപ്പുരക്കാനം പടി റോഡ് (132/23) | 2210085201340148l086/ 25.03.23 | 788910 | 6179 |
| മുണ്ടയ്ക്കൽ പടി കള്ളിമൂപ്പൻ പടി റോഡ്(122/23) | 2210085201340141408 7/ 20.03.23 | 324230 | 3090 |
| കമലമ്മപ്പടി കാവടിക്കവല റോഡ് (121/23) | 221008520134014l4080/ 20.03.23 | 494924 | 3371 |
| കൽതൊട്ടി ലബ്ബക്കട റോഡ്(143/23) | 2210085201340141407 5/ 20.03.23 | 349934 | 2528 |
| ലബ്ബക്കട കൽതൊട്ടി റോഡ് ( 135/23) | 2210085201340141407 2/ 20.03.23 | 299908 | 3090 |
| ചന്ദ്രൻകവല കൊച്ചുചെന്നാട്ടു കവല റോഡ് (127/23) | 2210085201340022824 7/ 22.06.23 | 101699 | 3090 |
| ചന്ദ്രൻകവല കോട്ടംപടി റോഡ് (125/23) | 2210085201340157411 2/ | 359963 | 3370 |

| | | | |
|---|---|---|---|
| | 31.03.23 | | |
| തൊപ്പിപ്പാള മറ്റപ്പള്ളി റോഡ് (120/23) | 22100852013400228252/ 22.06.23 | 449870 | 4213 |
| മേപ്പാറ മൂത്താക്കട റോഡ് | 22100852013401508787/ 25.03.23 | 794900 | 7021 |
| അയ്യപ്പൻകോവിൽ തൂക്കുപാലം റോഡ്(117/23) | 22100852013401508849/ 28.03.23 | 820000 | 5055 |
| സ്കൂൾ കവല കോളേജ് മല റോഡ്(131/23) | 22100852013400244466/ 27.06.23 | 242358 | 7021 |
| പള്ളിസിറ്റി പാമ്പാടിക്കുഴി റോഡ്(118/230 | 22100852013401508826/ 28.03.23 | 619696 | 2528 |
| നെല്ലിക്കൽ പടി ഇരുപുഴപടി റോഡ്(119/23) | 22100852013401508865/ 28.03.23 | 379777 | 4213 |
| മലയിൽ പറമ്പിൽ പടി വാഴക്കാല പടി റോഡ്(129/13) | 22100852013401508838/ 28.03.23 | 630213 | 6740 |
| ആകെ | | | 74429 |

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് ഗ്രാമപഞ്ചായത്തിന്റ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ₹74429/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽ നിന്ന് സ്വീകരിച്ച

നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം, ഇലക്ഷൻ നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2015-16 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 2018-19 വരെയുള്ള വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ സജീവമല്ലാത്ത നിക്ഷേപ തുക കാലഹരണപ്പെട്ടിട്ടുള്ളതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹40500/- അവശേഷിക്കുന്നുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ലഭ്യമായ കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Contractor’s EMD | 49700 |
| Supplier’s EMD | 136290 |
| Bidder’s EMD | 600 |
| Contractor’s SD | 16000 |
| Supplier’s SD | 41060 |
| Election Deposit | 40500 |
| Auction Deposit | 46500 |
| Deposit Received For Halls And Auditoriums | 4000 |

കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അതിനനുസരിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

**1-18 ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്ത് 2017-18 വർഷം ആവിഷ്ക്കരിച്ച ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.113/18) എന്ന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹100000/- (വൗച്ചർ നം. 117090900019/22.8.17) ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും നാളിതുവരെയായി ₹19513/-യാണ് വിനിയോഗിച്ചിട്ടുള്ളത്. ₹80487/-വിനിയോഗിക്കാൻ അവശേഷിക്കുകയാണ്. തുക വിനിയോഗിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/23.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന ₹80487/- ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-19 എസ്.ടി വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിച്ചിട്ടില്ല**

അഞ്ചുരുളിയിൽ കുളം നിർമ്മാണത്തിനായി എസ്.ടി. വകുപ്പിൽ നിന്നും 2017-18 വർഷം ഗ്രാമപഞ്ചായത്തിന് ₹1000000/- ലഭിച്ചിരുന്നു. ഫോറസ്റ്റ് വകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത തുക നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പൂർത്തീകരണം സാധ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിലേക്ക് തിരിച്ചടക്കേണ്ടതാണ്.

**1-20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ടിഡിഎസ് ഈടാക്കിയില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (199/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ചെലവ്, ഫണ്ടിനം | 399000, വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നമ്പർ/തീയതി | 22100852009501111861 തീ. 30/01/2023 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (199/23) എന്ന പ്രൊജക്ട് പ്രകാരം വയോജനങ്ങൾക്കായി 133 കട്ടിലുകൾ മുണ്ടിക്കുന്നേൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു.

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ

നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവ് ചെയ്യേണ്ടതാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവ് ചെയ്തിട്ടില്ല. ആകെ ഇൻവോയിസ് തുകയായ 399000 (ജി.എസ്.ടി. ഇല്ലാതെ) രൂപയുടെ 2% തുകയായി 7980 ഈടാക്കേണ്ടതായിരുന്നെങ്കിലും ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22.11.23) സ്ഥാപനത്തിൽ നിന്നും ടിഡിഎസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. സ്ഥാപനം മേൽ വിൽപ്പനയുടെ ജി. എസ്. ടി. ഫയൽ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും ടിഡിഎസ് ഈടാക്കി വിവരമറിയിക്കുകയോ ചെയ്യേണ്ടതാണ്.

**<u>1-21 വയോജനങ്ങൾക്ക് കമ്പിളി വിതരണം ജനറൽ-അനർഹർക്ക് ആനുകൂല്യം നൽകി</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | വയോജനങ്ങൾക്ക് കമ്പിളി വിതരണം ജനറൽ (200/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| ചെലവ്, ഫണ്ടിനം | ₹99645/-, വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നമ്പർ/തീയതി | 22100852009501392479 തീ. 17/03/2023 |

ഐ. സി. ഡി. എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 219 പേർക്ക് കമ്പിളി റോയൽ ഫർണിച്ചർ & ഹോം അപ്ലൈയൻസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിരുന്നു. ഒരു കമ്പിളിക്ക് ₹455/- വീതമാണ് സ്ഥാപനത്തിന് നൽകിയത്. വിതരണ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള അപേക്ഷകർക്ക് 60 വയസ് പൂർത്തിയായിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | ആധാർ/റേഷൻ കാർഡ് പ്രകാരം ജനിച്ച വർഷം | വാർഡ് |
|---|---|---|---|
| 1 | ഭാസി വർക്കി | 1965 | 16 |
| 2 | ഏലിക്കുട്ടി | 1969 | 15 |
| 3 | സുജാതാ പ്രഭാകർ | 1965 | 12 |
| 4 | കുഞ്ഞമ്മ ബേബി | 1965 | 11 |
| 5 | ഓമന രാജപ്പൻ | 1964 | 11 |

| | | | |
|---|---|---|---|
| 6 | രജനി | 1974 | 8 |
| 7 | വത്സമ്മ | 1965 | 8 |
| 8 | റോസമ്മ തോമസ് | 1965 | 8 |
| 9 | പൊന്നമ്മ മുരളി | 1964 | 5 |
| 10 | മോളി മത്തായി | 1964 | 4 |
| 11 | ജോസഫ് വർഗീസ് | 1964 | 3 |
| 12 | തങ്കമ്മ ശേഖരൻ | 1968 | 2 |
| 13 | സിന്ധു പുഷ്പൻ | 1970 | 1 |

വയോജനങ്ങൾക്കായി വിഭാവനം ചെയ്ത പ്രൊജക്റ്റ് തൻ വർഷം 60 വയസ് പോലും പൂർത്തിയാകാത്തവർക്ക് വിതരണം ചെയ്തത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/23.11.23) മറുപടി ലഭ്യമായില്ല. നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കായാണ് വയോജനങ്ങൾക്കായുള്ള പദ്ധതികളെല്ലാം പദ്ധതി മാർഗരേഖയിൽ അർഹതയായി പറഞ്ഞിട്ടുള്ളത്. സർക്കാരിന്റെ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ അർഹരിലേക്ക് തന്നെയാണ് എത്തുന്നതെന്ന് ഉറപ്പു വരുത്തിയും മാർഗരേഖകൾ കർശനമായി പാലിച്ചും മാത്രം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 മുരിക്കാട്ടുകുടി മാടത്താനി പാലം സംരക്ഷണഭിത്തി-പ്രവൃത്തി സ്ഥലത്ത് നിന്നും ലഭ്യമായ മണ്ണ് ഉപയോഗപ്പെടുത്താതെ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തി**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്റ്റ് നം | 204/22 & 75/23 |
| പദ്ധതി അടങ്കൽ | ₹270000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. എം.ജി. ബാലകൃഷ്ണൻ |
| അളവു ബുക്ക് | 810/21-22 |
| പദ്ധതി ചെലവ് | 22100852013400286859/8.7.22; ₹241944/- |

മുരിക്കാട്ടുകുടി മാടത്താനി പാലം അപ്രോച്ച് നടപ്പാതയ്ക്ക് സംരക്ഷണഭിത്തിയും സൈഡ് ഡ്രെയിനേജും ഏർപ്പെടുത്തുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. അളവു ബുക്ക് പേജ് 1-ൽ പ്രവൃത്തി ഇനം 1 ആയി സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 10.884$m^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ അളവു ബുക്ക് പേജ് 7 പ്രകാരം പ്രവൃത്തി ഇനം 2.1 (11.1.1.1) ആയി ഡ്രെയിനേജ് നിർമ്മാണത്തിന് 12.6$m^3$ മണ്ണും നീക്കം ചെയ്തിട്ടുണ്ട്. അളവു ബുക്ക് പേജ് 9 പ്രകാരം കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് 13.662$m^3$ അളവിൽ (സ്പെസിഫിക്കേഷൻ 50.2.26.1) ഫില്ലിംഗ് നടത്തിയതിന് കരാറുകാരന് ₹4036/- (13.662$m^3$ @₹296.30/$M^3$) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്താതെ കരാറുകാരന്റെ മണ്ണുപയോഗിച്ചതുമൂലം ഗ്രാമ പഞ്ചായത്തിന് ₹4036/- യുടെ നഷ്ടമുണ്ടായിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/22.11.23) പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ മണ്ണ് ഫൗണ്ടേഷൻ കെട്ടിന്റെ വശങ്ങളിൽ മണ്ണിട്ട് നിരത്തുന്നതിനായി ഉപയോഗപ്പെടുത്തിയെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും അളവുബുക്കിൽ വരുത്തിയിട്ടില്ല. അതിനാൽ ₹4036/-യും 18% ജി.എസ്.ടി വിഹിതമായ ₹726/-യുമുൾപ്പെടെ ₹4762/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

**<u>1-23 അമ്പലമേട് അംഗൻവാടി നിർമ്മാണം-അപാകതകൾ</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം | 121/22 & 54/23 |
| പദ്ധതി അടങ്കൽ | ₹850000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | അഖിൽ ജോർജ്ജ് |
| അളവു ബുക്ക് | 289/21-22&736/21-22 |
| പദ്ധതി ചെലവ് | 211008520134002 4080/24.03.22;₹466372/- |
| | 221008520134004 24080/17.08.22;₹247371/- |

പഴയ അംഗൻവാടി പൊളിച്ച് നീക്കം ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10.63% കുറവ് (₹642678/-) ക്വോട്ട് ചെയ്ത ശ്രീ. അഖിൽ

ജോർജ്ജ് എന്ന കരാറുകാരനാണ് പഞ്ചായത്ത് കമ്മിറ്റിയുടെ 15.12.2021 ലെ 2(1) നമ്പർ തീരുമാന പ്രകാരം പ്രവൃത്തി നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. <u>കെട്ടിട നിർമ്മാണം നാളിതുവരെയും പൂർത്തിയായിട്ടില്ല</u>

15.02.2021-ലെ കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതാണെങ്കിലും പദ്ധതിയുടെ പൂർത്തീകരണം നാളിതുവരെയും സാധ്യമായിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികൾ, കുടിവെള്ള സംവിധാനം, സാനിറ്റേഷൻ പ്രവൃത്തികൾ എന്നിവ നാളിതുവരെയും നടപ്പാക്കിയിട്ടില്ല.

2. <u>ജല ലഭ്യത ഉറപ്പാക്കുന്നതിനുമുമ്പ് മോട്ടോർ പമ്പ് സെറ്റുകൾ വാങ്ങി</u>

അംഗൻവാടി കെട്ടിടത്തിലേക്ക് നാളിതുവരെയും ജലസംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മാത്രമല്ല ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടില്ല. എന്നാൽ ജല ലഭ്യത ഉറപ്പാക്കിയിട്ടില്ലെങ്കിലും കരാറുകാരന് അളവു ബുക്ക് പേജ് 26-ൽ എക്സ്ട്രാ ഇനം 13 ആയി 0.5HP മോട്ടോറും പമ്പ് സെറ്റും സ്ഥാപിച്ച ഇനത്തിൽ ₹6774/-നൽകിയിട്ടുണ്ട്. മാത്രമല്ല 1000 ലിറ്റർ കപ്പാസിറ്റിയുള്ള പൊളിത്തിൻ വാട്ടർടാങ്ക് വാങ്ങി സ്ഥാപിച്ച വകയിൽ അളവു ബുക്ക് പേജ് 26 പ്രവൃത്തി ഇനം 2.1 ആയി കരാറുകാരന് ₹6000/- യും അനുവദിച്ചിട്ടുണ്ട്. 18 മീറ്റർ നീളത്തിൽ 32mm HDPE സ്ഥാപിച്ച വകയിലും കരാറുകാരന് ₹1240/- അനുവദിച്ചിട്ടുണ്ട്. 22.11.2023- ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/22.11.2023) വൈദ്യുതി കണക്ഷനും ജല സൗകര്യവും ലഭ്യമാകാത്തതിനാൽ മോട്ടോർ പമ്പ് സെറ്റും വാട്ടർ ടാങ്കും പ്രവൃത്തി സ്ഥലത്തു നിന്നും മാറ്റി സൂക്ഷിച്ചിരിക്കുകയാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിക്കുവേണ്ടി വാങ്ങിയ മോട്ടോർ പമ്പ് സെറ്റും വാട്ടർ ടാങ്കും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ ₹14014/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അംഗൻവാടി കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

**<u>1-24 പട്ടക ചെറ്റയിൽ പടി കുടിവെള്ള പദ്ധതി-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ട് നം | 88/22 & 59/23 |

| | |
|---|---|
| അടങ്കൽ തുക | ₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ബിബിൻ ബേബി |
| അളവു ബുക്ക് | 795/21-22 |
| ബിൽ നം. & തുക | 294449/9.5.22; ₹180374/- |

കുഴൽ കിണർ നിർമ്മാണം, പമ്പ് ഹൗസ്, പൊളിത്തിൻ വാട്ടർ ടാങ്ക്, ഇലക്ട്രിഫിക്കേഷൻ എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. പാർട്ട് ബില്ലിനത്തിൽ കരാറുകാരൻ ₹180374/- കൈപ്പറ്റിയിട്ടുണ്ട്. അളവുബുക്ക് പരിശോധിച്ചതിൽ പമ്പ് ഹൗസ്, പാനൽ ബോർഡ്, പൈപ്പ് ലൈൻ, ഇലക്ട്രിഫിക്കേഷൻ മുതലായ പ്രവൃത്തികളൊന്നും പാർട്ട് ബിൽ കൈപ്പറ്റിയതിനു ശേഷം നടപ്പാക്കിയിട്ടുള്ളതായി കാണുന്നില്ല. 9.5.2022-ൽ പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കരാറുകാരൻ തുടർ പ്രവൃത്തികൾ നടപ്പിലാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/21.11.2023) സ്ഥലം തർക്കത്തെ തുടർന്ന് പ്രവർത്തനങ്ങൾ നടത്താതിരുന്നതെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പുനരാരംഭിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-25 CMLRP കല്യാണ തണ്ട് കുഴിയോടിപ്പടി പാലം സോയിൽ ടെസ്റ്റ് & സ്ട്രക്ചറൽ ഡിസൈൻ- നിർവ്വഹണ ഏജൻസിക്ക് അധികം തുക നൽകി**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ | |
| പ്രോജക്ട് നം. | 245/23 | |
| പദ്ധതി അടങ്കൽ | ₹125000/-(തനത് ഫണ്ട്) | |
| പദ്ധതി ചെലവ് | ചെക്ക് നം.159251/2.2.23; ₹125000/- | |
| | ബിൽ നം.22100852013401521695/28.3.23; ₹53770/- | |

മുഖ്യമന്ത്രിയുടെ CMLRP പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ച കല്യാണ തണ്ട് കുഴിയോടിപ്പടി പാലം എന്ന പ്രവൃത്തിക്കുവേണ്ടി സോയിൽ ടെസ്റ്റും സ്ട്രക്ചറൽ

ഡിസൈൻ വരയ്ക്കുന്നതിനുമായി തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജിനെ 26.10.2022ലെ 36/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി Continuing Education Cell തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജ് എന്ന സ്ഥാപനത്തിന് ₹178770/- നൽകിയിട്ടുമുണ്ട്. തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നിർവ്വഹണ ഏജൻസിക്ക് അധികം തുക നൽകി

Continuing Education Cell തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജ് 4.11.2022-ൽ സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സോയിൽ ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് | ₹1,20,000/- |
| സ്ട്രക്ചറൽ ഡിസൈൻ | ₹30,000/- |
| ജി.എസ്.ടി. | ₹27,000/- |
| ആകെ | ₹1,77,000/- |

സ്ഥാപനം സമർപ്പിച്ച ടാക്സ് ഇൻവോയ്സ് 2182/6.2.23 പ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ ചെലവ് ₹105932/-യും 18% ജി.എസ്.ടി.യുമുൾപ്പെടെ ₹125000/-യാണ്. സ്ട്രക്ചറൽ ഡിസൈൻ പ്രവൃത്തിക്കായി അനുവദിക്കാവുന്ന തുക ₹30000/-യും 18% ജി.എസ്.ടി തുകയായ ₹5400/- ഉൾപ്പെടെ ₹35400/-യാണ്. നിർവ്വഹണ ഏജൻസിക്ക് നൽകാവുന്ന ആകെ തുക ₹160400/-യാണ്. എന്നാൽ സ്ഥാപനത്തിന് ₹177000/- നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിക്ക് ₹16600/- അധികം നൽകിയിട്ടുണ്ട്.

2. ഇൻകം ടാക്സ് നിർവ്വഹണ ഏജൻസിയിൽ നിന്നും ഈടാക്കുന്നതിന് പകരം വികസന ഫണ്ടിൽ നിന്നും നൽകി.

₹177000/-യുടെ കൂടെ 1% ഇൻകം ടാക്സ് തുകയായ ₹1770/-കൂടി ചേർത്ത് ₹178770/-യാണ് പദ്ധതി ചെലവിനായി പിൻവലിച്ചിട്ടുള്ളത്. ഇൻകം ടാക്സിനത്തിലുള്ള തുക നിർവ്വഹണ ഏജൻസിയിൽ നിന്നും ഈടാക്കുന്നതിനു പകരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ചത് അംഗീകരിക്കുന്നില്ല.

3. പ്രവൃത്തി പൂർത്തീകരണ വിവരമില്ല

സ്ട്രക്ചറൽ ഡിസൈൻ പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിക്ക് ₹53770/- നൽകിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമല്ല.

സ്ട്രക്ചറൽ ഡിസൈൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ടാക്സ് ഇൻവോയ്സ് ബിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാനും അപാകതകൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/21.11.2023) പ്രവൃത്തിക്ക് റിവൈസ്ഡ് ഡിസൈൻ ആവശ്യമായി വരികയും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഇൻകം ടാക്സ് ഉൾപ്പെടെ സ്ഥാപനത്തിന് അധികമായി നൽകിയ ₹18370/- തിരികെ ഈടാക്കേണ്ടതാണ്.

**1-26 കോഴിമല പള്ളിസിറ്റി അംഗൻവാടി-വൈദ്യുതി,കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല**

2020-21 വർഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കോഴിമല പള്ളിസിറ്റി അംഗൻവാടിയുടെ പൂർത്തീകരണം നടന്നിട്ടുള്ളത് 2022-23 സാമ്പത്തിക വർഷമാണ്. കെട്ടിട നിർമ്മാണത്തിനായി ₹691007/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 മുതൽ അംഗൻവാടി പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും അംഗൻവാടി കെട്ടിടത്തിലേക്കവാശ്യമായ കുടിവെള്ള സൗകര്യം, അംഗൻവാടി കെട്ടിടത്തിന്റെ വൈദ്യുതീകരണം എന്നിവ സജ്ജമാക്കിയിട്ടില്ല. അംഗൻവാടിയിലേക്കാവശ്യമായ കുടിവെള്ള സൗകര്യം, വൈദ്യുതീകരണം എന്നിവ ഏർപ്പെടുത്തുന്നതിനായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

**1-27 പള്ളിസിറ്റി അങ്കണവാടി കെട്ടിടത്തിന് കോമ്പൗണ്ട് ഹാൻഡ് റിൽ -കരാറുകാരന് ജി.എസ്.ടി വിഹിതമായി അധികം തുക അനുവദിച്ചു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്റ്റ് നം | 316/21, 130/22 & 56/23 |
| പദ്ധതി അടങ്കൽ | ₹200000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ബിന്റോ ബേബി |
| അളവു ബുക്ക് | 808/21-22 |
| കരാർ നം&തീയതി | 56/AE/LID&EW/KNCR/2020-21 തീ.17.12.2020 |
| പദ്ധതി ചെലവ് | ബിൽ നം.22100852013400957982/26.12.22;₹197593/- |

20.12.2020-ൽ കരാർ ഒപ്പുവച്ച് ഏറ്റെടുത്ത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. എസ്റ്റിമേറ്റ് തുകയായ ₹178141/- ക്വോട്ട് ചെയ്ത് ഏറ്റെടുത്ത പ്രവൃത്തി 17.12.22 ൽ പൂർത്തീകരിക്കുകയും കരാറുകാരന് ആകെ പ്രവൃത്തി മൂല്യമായ ₹167454/-യുടെ കൂടെ 18% ജി.എസ്.ടി.യുൾപ്പെടെ ₹197593/- അനുവദിക്കുകയും ചെയ്തിരുന്നു. 17.12.2020-ൽ ഏറ്റെടുത്ത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 16.06.2021 ആയിരുന്നെങ്കിലും കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലം പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് കരാർ തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞ് 17.12.2022-ൽ ആണ്. പ്രവൃത്തി പൂർത്തീകരിക്കാൻ രണ്ട് വർഷം കാലതാമസം വരുത്തിയിട്ടും കരാറുകാരനിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായതിനാൽ 12% ജി.എസ്.ടിക്ക് പകരം 18% ജി.എസ്.ടി. അനുവദിച്ചത് അംഗീകരിക്കുന്നില്ല. ജി.എസ്.ടി. വിഹിതം അധികം അനുവദിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/21/11/2023) പഴയ അംഗനവാടി കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിച്ച് ആയതിലേക്കുള്ള സ്റ്റെപ്പിന് ഹാൻഡ് റെയിൽ സ്ഥാപിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നതെന്നും എന്നാൽ അംഗനവാടി കെട്ടിട നിർമ്മാണം പുതിയ സ്ഥലത്തേക്ക് മാറ്റിയതിനാലാണ് കാലതാമസമുണ്ടായതെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണത്തിന് 2 വർഷത്തെ കാലതാമസം വരുത്തിയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയുകയില്ല. ജി.എസ്.ടി-യിനത്തിൽ അധികമായി നൽകിയ ₹10047/- (₹167454/-യുടെ 6%) ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**1-28 2HP സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ- ഒരേ സമയം നടപ്പിലാക്കിയ രണ്ട് പദ്ധതികളിൽ വ്യത്യസ്ത നിരക്ക് അനുവദിച്ചിരിക്കുന്നു.**

2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ 2 കുടിവെള്ള പദ്ധതികളാണ് പട്ടകചെറ്റയിൽ പടി കുടിവെള്ള പദ്ധതി, സ്വർണ്ണ വിലാസം പന്തംമാക്കൽ കുടിവെള്ള പദ്ധതി എന്നിവ. ആദ്യ പദ്ധതിയിൽ ചെക്ക് നം. 294449/9.5.2022 പ്രകാരം ₹180374/-യും രണ്ടാമത്തെ പദ്ധതിയിൽ ബിൽ നം.211008520134014981 51/27.3.22 പ്രകാരം ₹287943/- യും ചെലവഴിച്ചിട്ടുണ്ട്. പട്ടക ചെറ്റയിൽ പടി കുടിവെള്ള പദ്ധതിയിൽ 2HP സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് കുഴൽ കിണറിൽ ഇറക്കി സ്ഥാപിക്കുന്നതിന് ഒബ്സേർവ്ഡ് ഡേറ്റ 1626400/21-22 പ്രകാരം നൽകിയിരിക്കുന്ന നിരക്ക് ₹24972/-യും സ്വർണ്ണ വിലാസം പന്തംമാക്കൽ കുടിവെള്ള പദ്ധതിയിൽ പ്രസ്തുത ഇനം പ്രവൃത്തി

നടപ്പിലാക്കിയതിന് Od 1723850/2021-22 പ്രകാരം നൽകിയിരിക്കുന്ന നിരക്ക് ₹30152/-യുമാണ്. മാത്രമല്ല മോട്ടോർ പമ്പ് സെറ്റ് കുഴൽ കിണറിൽ ഇറക്കി സ്ഥാപിക്കുന്നതിനായി കൂലിയിനത്തിൽ Od 1723919/21-22 പ്രകാരം ₹9192/-യും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഒരേ സമയം നടപ്പിലാക്കിയ പ്രവൃത്തികളിൽ രണ്ട് വ്യത്യസ്ത നിരക്കുകൾ അനുവദിക്കാനുണ്ടായ കാരണം സംബന്ധിച്ചും ഒബ്സേർവ്ഡ് ഡേറ്റകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/21.11.2023)ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഒബ്സേർവ്ഡ് ഡേറ്റകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൺട്രോൾ പാനൽ ബോർഡ് പ്രവൃത്തി കൂടി ഉൾപ്പെടുത്തിയതുകൊണ്ടാണ് സ്വർണ വിലാസം പന്തംമാക്കൽ കുടിവെള്ള പദ്ധതിയിൽ അധികം തുക നൽകിയിട്ടുള്ളതെന്ന വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്. അസി.എഞ്ചിനിയർ നൽകിയിട്ടുള്ള വിശദീകരണം തൃപ്തികരമല്ല. രണ്ട് പദ്ധതികളിലുമായി 2 HP സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി നൽകിയിട്ടുള്ള ₹64316/- (30152 + 9192 + 24972) തടസ്സപ്പെടുത്തുന്നു. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒബ്സേർവ്ഡ് ഡേറ്റ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-29 ഡെപ്പോസിറ്റ് പ്രവൃത്തി-പൂർത്തീകരണ വിവരം ലഭ്യമല്ല**

താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് മുൻകൂറായി ₹1963036/- നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. പൂർത്തീകരണ വിവരം ലഭ്യമല്ലാത്തതിനാൽ ₹1963036/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | പ്രോ. നം.-37/23 സ്ട്രീറ്റ് മെയിൻ പദ്ധതി | വൗച്ചർ നം22200676/20.1.23 6.12.2022 | 1986301 | 23265 | ₹1963036 |

**1-30 ആസ്തികളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കൽ-ടി.ഡി.എസ് കിഴിവ് ചെയ്തിട്ടില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ആസ്തികളുടെ സംരക്ഷണത്തിനായി ഡേറ്റ ബാങ്ക് തയ്യാറാക്കൽ (45/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |

| | |
|---|---|
| ചെലവ്, ഫണ്ടിനം | ₹450000/-, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ബിൽ നമ്പർ/തീയതി | 22100852013201167345 തീ. 09/02/2023; ₹200000/-<br>22100852013201467491 തീ. 24/03/2023; ₹39700/- |

ആസ്തികളുടെ സംരക്ഷണത്തിനായി ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിന് ₹450000/- നൽകിയിട്ടുണ്ട്. 2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഡേറ്റാ ബാങ്ക് തയ്യാറാക്കിയ സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ജി. എസ്. ടി. ഇനത്തിൽ തുക കുറവു ചെയ്തിട്ടില്ല. ആകെ ഇൻവോയിസ് തുകയായ ₹381356/- (ജി. എസ്. ടി. ഇല്ലാതെ) യുടെ 2% തുകയായി ₹7627/- ഈടാക്കേണ്ടതായിരുന്നെങ്കിലും ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനം ജി. എസ്. ടി. ഫയൽ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും ടി ഡി എസ് ഈടാക്കിയോ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ | വർഷം | പ്രോജക്ടിന്റെ പേര് | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപനം | | | | | |
| 1 | ജില്ലാ പഞ്ചായത്ത് | 2022-23 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (209/23) | 100000 | 100000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2022-23 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (195/23) | 243900 | 243900 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2022-23 | സുവർണ്ണ ഭവന പദ്ധതി (248/23) | 300000 | 300000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2022-23 | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം അഡീഷണൽ ലിസ്റ്റ് (99/23) | 280000 | 280000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2022-23 | ഗോത്ര സാരഥി പദ്ധതി (231/23) | 150100 | 150100 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 2022-23 | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം സംസ്ഥാന വിഹിതം (98/23) | 310000 | 310000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2022-23 | ലൈഫ് ഭവന പദ്ധതി ജനറൽ ലോൺ വിഹിതം (96/23) | 100000 | 100000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | 2022-23 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി ലോൺ വിഹിതം (97/23) | 120000 | 120000 | 0 |
| 9 | ജില്ലാ പഞ്ചായത്ത് | 2022-23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ പഠന സഹായം (180/23) | 50000 | 50000 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (195/23) | 299800 | 299800 | 0 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (209/23) | 200000 | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ പഠന സഹായം (180/23) | 200000 | 200000 | 0 |
| 13 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ പഠന സഹായം (182/23) | 300000 | 300000 | 0 |

**4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം**

ഓഡിറ്റ് വർഷത്തിൽ കേരള ഇലക്ട്രിസിറ്റി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോ. നം.-37/23 സ്ട്രീറ്റ് മെയിൻ പദ്ധതിക്ക് തുക നൽകൽ | വൗച്ചർ നം. 22200676/ 20.1.2023 | 1986301 | 0 | 1986301 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

- ഇല്ല -

**4-4 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 267/ ഡി.ബി.1/ 15/തസ്വഭവ. തീയതി 28.09.2015 | 10000000 | 0 | 3600000 | 1000000 | | 2600000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 68/18 തസ്വഭവ 18.05.2018 | 53736666 | 9380000 | 38012000 | 4668897 | 0 | 42733103 |

**4-5 സ്ഥിര നിക്ഷേപം**

– ഇല്ല –

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-15 | 2006-07 | 3.35.2 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഫയലുകൾ ഹാജരാക്കി |
| 2003-04 | 3-1 | 2006-07 | 3.35.2 | ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2003-04 | 3-2 | 2006-07 | 3.35.2 | ഫയലുകൾ ഹാജരാക്കിയില്ല | - |
| 2003-04 | 3-3 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54,536/-യുടെ നിരാകരണം | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് | - |
| - | - | 2015-16 | 3.6.1 | തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ പദ്ധതി നിർവഹണം പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | തുടർ നടപടികൾ പുരോഗമിക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ) ചാർജ്ജ് നടപടികളുടെ വിവരം**

**- ഇല്ല -**

**(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം**

| ക്രമ നം. | വർഷം | ഖണ്ഡിക നം. | ഉത്തരവാദിയുടെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റ് നം. തീയതി | തുക ₹ | സ്വയം ഒടുക്കിയ തുക (രസീത് നമ്പർ, തീയതി | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | ഒടുക്കുവാൻ അവശേ ഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 28,30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.16782Spl. Cell/CSC/ C1/2001 Dt.16.09.2002 | 8635 | 00 | ഇല്ല | - | - | - | - | 8635 |
| 2 | 1998-99 | 29,31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.6678Spl. Cell/CSC/ C1/2002 Dt.20.01.2003 | 32190 | 00 | ഇല്ല | - | - | - | - | 32190 |
| 3 | 1999-00 | 31,34, 37,41, 46,48, 49,51, 52,57, 58,59, 62,64 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 57383 | 00 | ഇല്ല | - | - | - | - | 57383 |
| 4 | 1999-00 | 32 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 3096 | 00 | ഇല്ല | - | - | - | - | 3096 |
| 5 | 1999-00 | 33 | ശ്രീ. റ്റി .എം. ജോർജ്ജ് | LF.15624Spl. Cell/CSC/ | 2523 | 00 | ഇല്ല | - | - | - | - | 2523 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി, പഞ്ചായത്ത് | C1/2002 Dt.28.03.2003 | | | | | | | | |
| 6 | 1999-00 | 63 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 1253.5 | 00 | ഇല്ല | - | - | - | - | 1253.5 |
| 7 | 2000-01 | 23 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt. 25.04.2007 Certificate | 3300 | 00 | ഇല്ല | - | - | - | - | 3300 |
| 8 | 2000-01 | 27 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത്. ₹17830, PA Annamma- ₹1,240/- | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 Certificate (T.K. George ₹17,830/-) LF.14813/ SplCell/ SC2/2005/ Dt.25.04.2007 Certificate (P. A. Annamma ₹1,240/-) | 19070 | 00 | ഇല്ല | - | - | - | - | 19070 |
| 9 | 2000-01 | 29 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 | 2800 | 00 | ഇല്ല | - | - | - | - | 2800 |
| 10 | 2000-01 | 30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/25.9.2006 Certificate (TK George- ₹17830/-) | 600 | 00 | ഇല്ല | - | - | - | - | 600 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | LF.14813/SplCell/ SC2/2005/ Dt.25.04.2007 Certificate (PA Annamma-₹1240/-) | | | | | | | | |
| 11 | 2000-01 | 31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/SplCell SC2/2005/ Dt.25.09.2006 | 1400 | 00 | ഇല്ല | - | - | - | - | 1400 |
| 12 | 2000-01 | 42(2) | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/SplCell/ SC2/2005/ Dt.25.09.2006 | 1000 | 00 | ഇല്ല | - | - | - | - | 1000 |
| 13 | 2000-01 | 43 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/SplCell/ SC2/2005/ Dt.25.09.2006 | 2287 | 00 | ഇല്ല | - | - | - | - | 2287 |
| 14 | 2001-02 | 2-3 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 16704/സ്പെ.സെൽ/ എസ്.സി.സി2/ 2005/ Dt.09.05.2007 | 6924 | 00 | ഇല്ല | - | - | - | - | 6924 |
| 15 | 2004-05 | 3-5 | | എൽ.എഫ്. 17292/ സ്പെ.സെൽ/ എസ്.സി.2/2008/ Dt.11.05.2010 സർചാർജ്ജ് സർട്ടിഫിക്കറ്റ് | 11000 | 11000 | ഇല്ല | - | - | - | - | - |
| 16 | 2005-06 | 3-5 | മുഹമ്മദ്കഞ്ഞ് | എൽ.എഫ്. 20893/സ്പെ.സെൽ/ എസ്.സി.2/2008 (1)/ Dt.11.06.2009 എൽ.എഫ്. 20893/ സ്പെ.സെൽ/ | 8301 | 8301 | ഇല്ല | - | - | - | - | - |

**4-9 ഓഡിറ്റ് പ്രത്യവലോകനം** എസ്.സി.2/2008 (2)/Dt.11.06.2009

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹ 26608530 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹48065596 |
| ആകെ | ₹74674126 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹42037301 |
| നീക്കിയിരിപ്പ് | ₹32636825 |
| (കുറിപ്പ്:- പഞ്ചായത്തിന്റെ 2022-23 ലെ റസീപ്റ്റ് & പെയ്മെന്റ് അക്കൌണ്ട് പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - ഇല്ല - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2041366 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | - ഇല്ല - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 14014 | ശ്രീമതി രാജിമോൾ രാജു, അസി.എഞ്ചിനിയർ |
| 1-28 | 64316 | ശ്രീമതി രാജിമോൾ രാജു, അസി.എഞ്ചിനിയർ |
| 1-29 | 1963036 | ശ്രീമതി സബൂറ ബീവി എസ്., സെക്രട്ടറി |
| ആകെ | 2041366 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| – ഇല്ല – | | |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാജിമോൾ രാജു, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് | കക്കാട്ട് വീട്, കുമളി പി.ഒ., ഇടുക്കി ജില്ല |
| ശ്രീമതി. ഷീജ കെ. ജി. | അസി.എഞ്ചിനിയർ, കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് | കാനാട്ട് ഹൌസ്, എൻ. ആർ. സിറ്റി പി.ഒ. , രാജാക്കാട്. |
| ശ്രീമതി സബൂറ ബീവി എസ്., സെക്രട്ടറി | | പുലരി, കുന്നിക്കോട് പി.ഒ., കൊല്ലം ജില്ല |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 21(2) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 29,31 |

| | | | |
|---|---|---|---|
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 20 | 21(1),22,23(1),31,32,33,34, 37,41,46,48,49,51,52,57, 58,59,62,63,64 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 8 | 23,26,27,29, 30,31,42(2),43 |
| 2001-02 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 2-2,2-3 |
| 2002-03 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 3-1,3-15 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 4 | 3-1,3-2,3-3,3-5 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 3-6 |
| 2006-07 | എൽ.എഫ്.ഐ-08/539/2008 03.11.2008 | 11 | 2-1, 2-2, 2-4,3-2, 3-4, 3-6, 3-7, 3-8, 3-9, 3-11, 4-3 |
| 2007-08 | എൽ.എഫ്.ഐ-08/1003/2009 08.07.2010 | 8 | 3-2, 3-4, 3-9, 3-10, 3-11, 4-3, 4-5, 4-6, |
| 2009-10 | എൽ.എഫ്.ഐ-09/976/2011 30.05.2012 | 5 | 3-6, 3-7, 3-9, 4-3 |
| 2010-11 | എൽ.എഫ്.ഐ-09/129/2013 04.10.2013 | 2 | 2-1, 3-4 |
| 2011-12 | എൽ.എഫ്.ഐ-09/1384/2013 11.07.2014 | 6 | 2-2, 3-1, 3-3, 3-4, 3-5, 4-1 |

| | | | |
|---|---|---|---|
| 2012-13 | എൽ.എഫ്.ഐ-09/1327/2014<br>15.12.2014 | 3 | 3-1, 3-2, 3-4 |
| 2013-14 | എൽ.എഫ്.ഐ-09/950/2015<br>12.08.2015 | 6 | 2-1, 2-2, 3-1,<br>3-2, 3-3, 3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90<br>05.03.2016 | 6 | 2-1, 3-1, 3-3,<br>3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/1332<br>19.09.2016 | 9 | 2-1, 2-2(ബി),<br>2-3, 3-1, 3-3,3-4,<br>3-5,3-6, 3-7(2) |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-9/1312/2017<br>തീയതി. 27.08.2017 | 6 | 1-12, 2-1, 2-2,<br>3-1, 3-5, 3-6 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-9/934/2018<br>തീയതി. 26.09.2018/04.10.2018 | 3 | 1-12, 3-2, 3-3 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-9/833/2019<br>തീയതി. 14.10.2019 | 3 | 1-18, 1-19, 1-20 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-9/544/20<br>തീയതി. 30.03.2021 | 12 | 1-9 മുതൽ 1-18 വരെ<br>1-21, 1-22 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/901/2022<br>തീയതി. 22.07.2022 | | 1-1 മുതൽ 1-19 വരെ<br>& ഭാഗം-4 |
| 2021-22 | കെ.എസ്.എ ഐ.ഡി.കെ-9/1250/22<br>തീയതി 30.11.22 | 8 | 1-10,1-12,1-19 മുതൽ 1-23<br>വരെ,4-8 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 11-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanchiyar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanchiyar Grama Panchayat for the year 2022-2023

**Date: 22/12/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kanchiyar Grama Panchayat for the Year 2022-2023.

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

## 2.Other Observations

1. Cash Flow statement - Net increase / decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Misclassification of Receipt voucher

3. Lack of authenticated journel vouchers for supporting the adjustment entries recorded and those recorded in prior period items.

4. Demand registers are not periodically reconciled with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്